File No.TCPCTP/2978/2021-A2

*ഭരണഭാഷ - മാതൃഭാഷ*

## അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം, തിരുവനന്തപുരം

വിഷയം :- തദ്ദേശ സ്വയംഭരണ വകുപ്പ് പ്ലാനിംഗ്- മുഖ്യനഗരാസൂത്രകന്റെ കാര്യാലയം,തിരുവനന്തപുരം -ജീവനക്കാര്യം - വകുപ്പിലെ ജൂനിയർ സൂപ്രണ്ട്, ഹെഡ്ക്ലർക്ക്, സീനിയർ ക്ലർക്ക് തസ്തികകളിലേക്കുള്ള സ്ഥാനക്കയറ്റം/സ്ഥലംമാറ്റം അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം:- 1. സർക്കാരിന്റെ 22/06/2021 ലെ സ.ഉ.(സാധാ)നം.1192/2021/തസ്വഭവ നമ്പർ ഉത്തരവ്.
2. ശ്രീ.സുരേഷ് കുമാർ.റ്റി, ഹെഡ് ക്ലർക്കിന്റെ 16/10/2021 ലെ സമർപ്പണം.
3. ശ്രീമതി.ഷീന കെ ദേവസ്യ ജൂനിയർ സൂപ്രണ്ടിന്റെ 06/11/2021 ലെ സമർപ്പണം.
4. ശ്രീ.രത്നാകർ.പി.വി, ഹെഡ് ക്ലർക്കിന്റെ 15/12/2021 ലെ സമർപ്പണം.
5. ശ്രീ.അജേഷ് കുമാർ.കെ.എ, ഹെഡ്ക്ലർക്കിന്റെ 16/12/2021 ലെ സമർപ്പണം.
6. മുഖ്യനഗരാസൂത്രകന്റെ 31/12/2021 ലെ TCPCTP/2223/2021-A5 നമ്പർ ഉത്തരവ്.

---

**എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ**

ഉത്തരവ് നമ്പർ. TCPCTP/2978/2021-A2 തിയതി :**03/01/2022**

---

## ഉത്തരവ്

പരാമർശം(6) ലെ ഉത്തരവ് പ്രകാരം പാലക്കാട് ജില്ലാ കാര്യാലയത്തിലെ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീ.ടി.ടി.ഷാജിക്ക് സീനയർ സൂപ്രണ്ടായി ബൈട്രാൻസ്ഫർ പ്രമോഷൻ ലഭിച്ചതിനെ തുടർന്ന് വകുപ്പിൽ ഒരു ജൂനിയർ സൂപ്രണ്ടിന്റെ ഒഴിവ് ഉണ്ടായിട്ടുള്ളതാണ്. പാലക്കാട് ജില്ലയിലെ ടി ഒഴിവിലേക്ക് നിലവിൽ കൊല്ലം ജില്ലാ കാര്യാലയത്തിൽ ജൂനിയർ സൂപ്രണ്ടായി സേവനമനുഷ്ഠിക്കുന്ന ശ്രീമതി .ഷീന കെ ദേവസ്യയെ ടിയാളുടെ പരാമർശം (3) ലെ അപേക്ഷ പ്രകാരം സ്ഥലംമാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി.ഷീന കെ ദേവസ്യക്ക് സ്ഥലംമാറ്റം അനുവദിക്കുന്നത് മൂലം കൊല്ലം കാര്യാലയത്തിൽ ഉണ്ടാകുന്ന ജൂനിയർ സൂപ്രണ്ടിന്റെ ഒഴിവിലേക്ക് വകുപ്പിലെ ഹെഡ്ക്ലർക്ക്മാരിൽ സീനിയറും നിലവിൽ തിരുവനന്തപുരം മേഖലാ നഗരാസൂത്രണ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ച് വരുന്നതുമായ ശ്രീ.രത്നാകർ.പി.വി യെ 43400-91200 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ടിയാന്റെ അപേക്ഷ പ്രകാരം സ്ഥലം മാറ്റി നിയമിച്ച് ഉത്തരവാകുന്നു.

ശ്രീ.രത്നാകർ.പി.വിയ്ക്ക് ജൂനിയർ സൂപ്രണ്ടായി സ്ഥാക്കയറ്റം നൽകി സ്ഥലംമാറ്റം നൽകുന്നതുമൂലം വകുപ്പിൽ ഒരു ഹെഡ്ക്ലർക്കിന്റെ ഒഴിവ് നിലവിൽ വരുന്നതാണ്. തിരുവനന്തപുരം ജില്ലാ കാര്യാലയത്തിൽ ഉണ്ടാകുന്ന ടി ഹെഡ് ക്ലർക്കിന്റെ ഒഴിവിൽ നിലവിൽ എറണാകുളം മേഖലാകാര്യാലയത്തിൽ ഹെഡ് ക്ലർക്കായി

സേവനമനുഷ്ഠിച്ചുവരുന്ന ശ്രീ .സുരേഷ് കുമാർ.റ്റിയെ ടിയാന്റെ പരാമർശം (2) ലെ അപേക്ഷ പ്രകാരം സ്ഥലംമാറ്റി നിയമിച്ചും, കൂടാതെ ശ്രീ.സുരേഷ്കുമാർ.റ്റിക്ക് സ്ഥലംമാറ്റം നൽകുന്നതു മൂലം എറണാകുളം മേഖലാനഗരാസൂത്രണ കാര്യാലയത്തിൽ ഉണ്ടാകുന്ന ഹെഡ് ക്ലർക്കിന്റെ ഒഴിവിൽ നിലവിൽ വയനാട് ജില്ലാ കാര്യാലയത്തിൽ ഹെഡ് ക്ലർക്കായി സേവനമനുഷ്ഠിച്ച വരുന്ന ശ്രീ.അജേഷ് കുമാർ.കെ.എ-ക്ക് ടിയാന്റെ പരാമർശം (5) ലെ അപേക്ഷ പ്രകാരം സ്ഥലംമാറ്റി നിയമിച്ചും ഉത്തരവാകുന്നു.

ശ്രീ.അജേഷ് കുമാർ.കെ.എ ക്ക് സ്ഥലംമാറ്റം അനുവദിക്കുന്നതുമൂലം വയനാട് ജില്ലാ കാര്യാലയത്തിൽ ഉണ്ടാകുന്ന ഹെഡ്ക്ലർക്കിന്റെ ഒഴിവിൽ നിലവിൽ സീനിയർ ക്ലർക്ക് മാരിൽ സീനിയറും വയനാട് ജില്ലാ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ച വരുന്നതുമായ ശ്രീമതി.പ്രീത.എൻ.വിയെ, 39300–83000 രൂപ ശമ്പള സ്കെയിലിൽ സ്ഥാനക്കയറ്റം നൽകി ടി കാര്യാലയത്തിൽ തന്നെ നിയമിച്ച് ഉത്തരവാകുന്നു.

ശ്രീമതി.പ്രീത.എൻ.വിക്ക് ഹെഡ് ക്ലർക്കായി സ്ഥാനക്കയറ്റം നൽകുന്നതുമൂലം വകുപ്പിൽ ഉണ്ടാകുന്ന സീനിയർ ക്ലർക്കിന്റെ ഒഴിവിലേക്ക് എൽ .ഡി.ക്ലർക്കുമാരിൽ സീനിയറും 50 വയസ് പൂർത്തിയായതും നിലവിൽ ഇടുക്കി ജില്ലാ കാര്യാലയത്തിൽ സേവനമനുഷ്ഠിച്ചുവരുന്നതുമായ ശ്രീമതി.റീന.വി.കെ-യ്ക്ക് 35600–75400 രൂപ ശമ്പള സ്കെയിലിൽ സീനിയർ ക്ലർക്കായി സ്ഥാനക്കയറ്റം നൽകി പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം ഇടുക്കി ജില്ലാ കാര്യാലയത്തിലെ ഒരു എൽ .ഡി.ക്ലർക്ക് തസ്തിക സീനിയർ ക്ലർക്ക് തസ്തികയായി പുനഃക്രമീകരിച്ചിട്ടുള്ള സാഹചര്യത്തിൽ ടി കാര്യാലയത്തിൽ തന്നെ നിയമിച്ച് ഉത്തരവാകുന്നു.

മേൽ പ്രകാരമുള്ള സ്ഥാനക്കയറ്റം /സ്ഥലംമാറ്റങ്ങൾ ഉടനടി പ്രാബല്യത്തിൽ വരുന്നതും ജീവനക്കാർ ഉടൻ തന്നെ അതാത് കാര്യാലയങ്ങളിൽ നിന്നും വിടുതൽ ചെയ്യേണ്ടതുമാണ്. സ്ഥാനക്കയറ്റങ്ങൾക്ക് കെ. എസ്. ആർ പ്രകാരമുള്ള ശമ്പള നിർണ്ണയത്തിന് അർഹത ഉണ്ടായിരിക്കുന്നതും, അപേക്ഷ പ്രകാരമുള്ള സ്ഥലംമാറ്റങ്ങൾക്ക് യാത്രാസമയത്തിന് മാത്രം അർഹത ഉണ്ടായിരിക്കുന്നതുമാണ്.

Signature valid
Digitally signed by ASEEM A
Date: 2022.01.03 1[illegible]:53 IST
Reason: Approved

അസീം.എ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

1. ശ്രീമതി.ഷീന കെ ദേവസ്യ, ജൂനിയർ സൂപ്രണ്ട് (കൊല്ലം ടൗൺപ്ലാനർ മുഖാന്തിരം)
2. ശ്രീ.രത്നാകർ.പി.വി, ഹെഡ് ക്ലർക്ക് (തിരുവനന്തപുരം ടൗൺപ്ലാനർ മുഖാന്തിരം)
3. ശ്രീ.സുരേഷ്കുമാർ.റ്റി, ഹെഡ് ക്ലർക്ക്( എറണാകുളം സീനിയർ ടൗൺപ്ലാനർ മുഖാന്തിരം)
4. ശ്രീ.അജേഷ്കുമാർ.കെ.എ, ഹെഡ് ക്ലർക്ക്, (വയനാട് ടൗൺപ്ലാനർ മുഖാന്തിരം)
5. ശ്രീമതി.പ്രീത.എൻ.വി, സീനിയർ ക്ലർക്ക് (വയനാട് ടൗൺപ്ലാനർ മുഖാന്തിരം)

File No.TCPCTP/2978/2021-A2

6. ശ്രീമതി.റിന.വി.കെ, ക്ലർക്ക് (ഇടുക്കി ടൗൺപ്ലാനർ മുഖാന്തിരം)

പകർപ്പ്: 1) സിഎ മുഖേന ചീഫ് ടൗൺപ്ലാനർക്ക്
2) സീനിയർ ടൗൺപ്ലാനർ, എറണാകുളം
3) ടൗൺപ്ലാനർ,തിരുവനന്തപുരം
4) ടൗൺപ്ലാനർ, കൊല്ലം,
5) ടൗൺപ്ലാനർ,പാലക്കാട്
6) ടൗൺപ്ലാനർ, വയനാട്
7) ടൗൺപ്ലാനർ ഇടുക്കി,
8) അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
9) അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്
10) എ,ബി, എസ് സെക്ഷൻ സൂപ്രണ്ട്മാർ
11) ഐ.റ്റി.ഓഫീസർ
12) വെബ്സൈറ്റ്
13) കരുതൽ ഫയൽ
14) അധികം.